എം.പി(5) 6809/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 11.4.2014
e-mail-keralarcs@coop.kerala.gov.in
website: www.cooperation.kerala.gov.in
Tel. No. 0471-2330726

**സർക്കുലർ നമ്പർ 15/2014**

വിഷയം: റബ്ബർ സംഭരണം 2014– നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്– സംബന്ധിച്ച്.

സൂചന:
1. സർക്കാരിന്റെ 21.2.2014 ലെ സ.ഉ.(സാധാ) 138/14 സഹ. നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 25.2.2014 ലെ സ.ഉ(എം.എസ്) 56/14 കൃഷി. നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 24.3.14 ലെ സ.ഉ(എം.എസ്) നം.79/2014 കൃഷി നമ്പർ ഉത്തരവ്.

സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനായി കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, (റബ്ബർ മാർക്ക്) കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ(മാർക്കറ്റ് ഫെഡ്) എന്നിവയേയും റബ്ബർ ബോർഡിന്റെയും കീഴിലുള്ള റബ്ബർ പ്രൊഡ്യൂസർ കമ്പനികളേയും നോഡൽ ഏജൻസികളായി നിയമിച്ചുകൊണ്ട് സൂചനകൾ മുഖേന ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2014 ലെ റബ്ബർ സംഭരണം നടത്തുന്നത് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി കിലോയ്ക്ക് 171 രൂപ എത്തുന്നതുവരെ റബ്ബർ സംഭരിക്കേണ്ടതാണ്.
2. ആർ.എസ്.എസ് 4 ഗ്രേഡിലുള്ള റബ്ബർ മാത്രമെ സംഭരിക്കുവാൻ പാടുള്ളൂ.
3. യഥാർത്ഥ റബ്ബർ കർഷകരിൽ നിന്നും നേരിട്ട് റബ്ബർ സംഭരിക്കേണ്ടതും, ആയതിന് റബ്ബർ നൽകുന്ന കർഷകരുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ, റബ്ബർ ബോർഡ് രജിസ്ട്രേഷൻ നമ്പർ/ കരം അടച്ച രസീത്/ കൃഷി

ആഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്/ കർഷകന്റെ ഒപ്പ്/ എന്നിവ ഹാജരാക്കുന്ന റബ്ബർ കർഷകരിൽ നിന്നും റബ്ബർ സംഭരിക്കാവുന്നതാണ്.

4. റബ്ബർ നൽകുന്ന കർഷകർ താൻ യഥാർത്ഥ റബ്ബർ കർഷകനാണെന്നും, എത്ര ഏക്കർ ഭൂമിയിൽ എത്ര റബ്ബർ മരങ്ങൾ ഉണ്ടെന്നുള്ള ഒരു സത്യപ്രസ്താവന ഒപ്പിട്ട് നൽകേണ്ടതാണ്.
5. റബ്ബർ കർഷകർക്ക് ആശ്വാസകരമായ ഒരു സംരംഭമെന്ന നിലയിൽ റബ്ബർ സംഭരണത്തിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ ശ്രദ്ധ പുലർത്തേണ്ടതും പരാതികൾ/ആക്ഷേപങ്ങൾക്കിടയില്ലാതെ സമയബന്ധിതമായി സംഭരണം നടത്തുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സംഭരണ ഏജൻസികൾ യാതൊരു കാരണവശാലും കച്ചവടക്കാരിൽ നിന്നും റബ്ബർ സംഭരിക്കരുത്. ഇതന് വിരുദ്ധമായി പ്രവർത്തിച്ചാൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുന്നതാണ്.
7. സംഭരിക്കുന്ന റബ്ബറിനെ സംബന്ധിച്ച പ്രതിദിന റിപ്പോർട്ട് നോഡൽ ഏജൻസികൾ സഹകരണ സംഘം രജിസ്ടാർക്ക് ഫോറം നമ്പർ(ബി)യിൽ സമർപ്പിക്കേണ്ടതാണ്. റബ്ബർ സംഭരണ പദ്ധതി 2014 പ്രകാരം ശേഖരിക്കുന്ന റബ്ബർ, നോഡൽ ഏജൻസിയുടെ ഗോഡൗണിലോ/വെയർഹൗസിലോ സൂക്ഷിക്കേണ്ടതും, ആയത് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടറുടെ സാക്ഷ്യപത്രവും, വെയർഹൗസിലാണെങ്കിൽ വെയർ ഹൗസ് രസീതും കൈകാര്യ ചിലവിനോടൊപ്പമുള്ള ക്ലെയിമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
8. റബ്ബർ സംഭരിക്കുന്ന ഏജൻസികൾക്ക് കൈകാര്യം ചെലവും റബ്ബർ വില വിത്യാസം ഉൾപ്പെടെ കിലോയ്ക്ക് 6 രൂപ നിരക്കിൽ അനുവദിക്കുന്നതാണ്. ഓരോ മാസവും സംഭരിച്ച റബ്ബറിനുള്ള കൈകാര്യ ചെലവിനായി അടുത്തമാസം നിർദ്ദിഷ്ട പ്രൊഫോർമയിൽ(ഫോറം 'എ') അപേക്ഷിക്കേണ്ടതാണ്. പ്രസ്തുത പ്രൊഫോർമ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിക്കേണ്ടതും കൺകറന്റ് ആഡിറ്റർ, ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ച് അളവു തൂക്കം എന്നിവ കൃത്യമാണെന്ന് ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൺകറന്റ് ആഡിറ്ററുടെ സാക്ഷ്യപത്രം ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
9. റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് സംശയ നിവാരണങ്ങൾ മറ്റു കാര്യങ്ങൾ എന്നിവയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ

മാർക്കറ്റിംഗ് വിഭാഗം ജോയിന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുമായും റബ്ബർമാർക്ക്/മാർക്കറ്റ് ഫെഡിന്റെ കേന്ദ്ര ഓഫീസുകളിലെ ചുവടെ നൽകുന്ന ഫോൺനമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

ജോയിന്റ് രജിസ്ട്രാർ മാർക്കറ്റിംഗ്– 04712330825, 2334620 ഫാക്സ് നമ്പർ– 0471–2331513

അസിസ്റ്റന്റ് രജിസ്ട്രാർ(മാർക്കറ്റിംഗ്)– 0491–2334620 എക്സ്റ്റൻഷൻ–224

റബ്ബർ മാർക്ക്– 04842205790, 2206921 ഫാക്സ് നമ്പർ – 0484–2205827

മാർക്കറ്റ്ഫെഡ്– 04842203880, 2204073 ഫാക്സ് നമ്പർ – 0484–2203375

റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട ജോലി നിർവ്വഹിക്കുന്നതിൽ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരുടെയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും അടിയന്തര ശ്രദ്ധ അത്യന്താപേക്ഷിതമാണെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഒപ്പ്

**സഹകരണസംഘം രജിസ്ട്രാറുടെ അധിക ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)**

പകർപ്പ്

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ).മാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. മാനേജിംഗ് ഡയറക്ടർ, റബ്ബർമാർക്ക്, കൊച്ചി
4. മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്, എറണാകുളം
5. കൺകറന്റ് ആഡിറ്റർ, റബ്ബർ മാർക്ക്, കൊച്ചി
6. കൺകറന്റ് ആഡിറ്റർ, മാർക്കറ്റ്ഫെഡ്, കൊച്ചി
7. എഡിറ്റർ, സഹകരണവീഥി
8. എഡിറ്റർ, സഹകരണ ജേർണൽ
9. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
10. വെബ്സൈറ്റ്,
11. സ്റ്റോക്ക് ഫയൽ/സ്പെയർ

FORM A

CLAIM STATEMENT FOR HANDLING CHARGES ON RUBBER PROCUREMENT FOR THE MONTH OF ----------------/ 2014

Name of Nodal Agency -

| Total Quantity of Procurement | | | Value | Grade | Total stock with Godown/ware houses upto the end of the Month | Amount of Handling charges due upto the end of the Month | Amount of Handling charges claimed | Handling charges paid upto the Month | Balance Amount due | Remarks |
|---|---|---|---|---|---|---|---|---|---|---|
| Upto the end of previous Month | During the Month | Total Kg | | | | | | | | |
| | | | | | | | | | | |

Certified that the above stock is with the Federation in the Godowns owned/hired by the Federation/Warehouses and I have physically verified the stock and found it agree with book balance.

Date :

Concurrent Auditor

Managing Director

<u>FORM B</u>

<u>DAILY PROCUREMENT STATEMENT</u>

<table>
<tr><td colspan="10">KERALA STATE CO-OPERATIVE------------------------------------------------------------</td></tr>
<tr><td colspan="10">GOVERNMENT RUBBER PROCUREMENT SCHEME -2014 RSS GRADE -4</td></tr>
<tr><td colspan="10">Date------------------ Rubber Board Rate per Kg------------------</td></tr>
<tr><td colspan="10">Support Rate per Kg ------------------</td></tr>
<tr><td colspan="10">Purchase Rate per Kg ------------------</td></tr>
<tr><td colspan="2">OPENING STOCK (Date- )</td><td colspan="2">PURCHASE (Date_____)</td><td colspan="2">TOTAL</td><td colspan="2">SALES</td><td colspan="2">BALANCE</td></tr>
<tr><td>QTY (Kg)</td><td>VALUE</td><td>QTY (Kg)</td><td>VALUE</td><td>QTY(Kg)</td><td>VALUE</td><td>QTY (Kg)</td><td>VALUE</td><td>QTY (Kg)</td><td>VALUE</td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
</table>